# മാതൃഭൂമി

കോടതി അലക്ഷ്യക്കേസ് 23-2-2002

## 'മാതൃഭൂമി' മാപ്പ്പറയണമെന്ന വിധി സുപ്രീംകോടതി സ്റ്റേ ചെയ്തു

**ന്യൂഡൽഹി:** കോടതി അലക്ഷ്യക്കേസ്സിൽ 'മാതൃഭൂമി' പത്രാധിപർ കെ.ഗോപാലകൃഷ്ണൻ, മാനേജിങ് എഡിറ്റർ പി.വി.ചന്ദ്രൻ, കൊല്ലം പ്രത്യേക ലേഖകൻ വെച്ചൂച്ചിറ മധു എന്നിവർ കുറ്റക്കാരാണെന്ന ഹൈക്കോടതി വിധിയും നേരത്തേ ഇവർ മൂന്നു പേരും സമർപ്പിച്ചിരുന്ന സത്യവാങ്മൂലം പൂർണരൂപത്തിൽ പത്രത്തിന്റെ എല്ലാ എഡീഷനുകളിലും ഒന്നാം പേജിൽ പ്രസിദ്ധീകരിക്കണമെന്ന നിർദേശവും സുപ്രീംകോടതി വെള്ളിയാഴ്ച സ്റ്റേ ചെയ്തു .ജസ്റ്റിസുമാരായ ജി.ബി.പട്നായിക്ക്,ബ്രജേഷ് കുമാർ എന്നിവരുൾപ്പെട്ട ബെഞ്ചാണ് കേസ് പരിഗണിച്ചത്.'മാതൃഭൂമി'ക്കു വേണ്ടി സീനിയർ അഡ്വ.പി.എൻ.മിശ്ര,അഡ്വ.കെ.രാംകുമാർ,അഡ്വ.എ.രഘുനാഥ് എന്നിവരാണ് ഹാജരായത്.

2000 നവംബർ 28 ന് 'മാതൃഭൂമി'യിൽ പ്രസിദ്ധീകരിച്ച 'മണിച്ചൻ കുറ്റം സമ്മതിച്ചെന്ന് പോലീസ്'' എന്ന വാർത്തയാണ് കേസിനാസ്പദമായത്.കല്ലുവാതുക്കൽ വിഷമദ്യക്കേസിലെ പ്രതികളായ മണിച്ചൻ,കൊച്ചനി എന്നിവരെ പരവൂർ കോടതിയിൽ ഹാജരാക്കിയത് സംബന്ധിച്ച വാർത്ത കോടതിയെക്കുറിച്ച് ദുസ്സൂചന നല്കുന്നുവെന്നും കോടതിയുടെ നിഷ്പക്ഷതയെക്കുറിച്ച് സംശയങ്ങൾ ഉണർത്തുന്നുവെന്നും ആരോപിച്ച് കൊല്ലത്തെ അഡ്വ.വി .കെ.ശിവപ്രസാദും മറ്റും ഫയൽ ചെയ്ത കോടതി അലക്ഷ്യ ഹർജിയിലാണ് ജസ്റ്റിസ് വി.പി.മോഹൻ കുമാർ,ജസ്റ്റിസ് കെ.കെ.ദിനേശൻ എന്നിവരുൾപ്പെട്ട ഹൈക്കോടതി ബെഞ്ച് വിധി പറഞ്ഞിരുന്നത്.വിഷമദ്യക്കേസ് പരിഗണിക്കുന്ന കോടതി,പതിവായി കോടതി ചേരുന്ന 11 മണിക്ക് മുമ്പ് ചേർന്നുവെന്ന പരാമർശം കോടതി അലക്ഷ്യമാണെന്നായിരുന്നു ആരോപണം.അന്നത്തെ അഡ്വക്കറ്റ് ജനറൽ ഹർജി ഫയൽ ചെയ്യാൻകൊല്ലത്തെ വക്കീൽമാർക്ക് അനുമതി കൊടുത്തിരുന്നു.

കുറ്റം ചെയ്തിട്ടില്ലെന്നും വാർത്ത പ്രസിദ്ധീകരിച്ചത് സദുദ്ദേശ്യത്തോടെയാണെന്നും 'മാതൃഭൂമി' ഹൈക്കോടതിയിൽ വാദിച്ചിരുന്നു.നേരിട്ട് ഹാജരാകുന്നതിൽനിന്ന് തന്നെ ഒഴിവാക്കണമെന്ന് കാണിച്ച് ഫയൽ ചെയ്ത അപേക്ഷ കോടതി പരിഗണിക്കാതിരുന്നതിന്റെ ഫലമായി കഴിഞ്ഞകൊല്ലം നവംബർ ഒമ്പതിന് പത്രാധിപർക്ക് സ്ട്രെച്ചറിൽ കോടതിയിൽഹാജരാകേണ്ടിവന്നു .തുടർന്ന് അദ്ദേഹത്തിന്റെ വക്കീൽ കേസ്സിൽ നിന്ന് പിൻവാങ്ങി.പത്രാധിപർക്ക് സ്ട്രെച്ചറിൽഹാജരാകേണ്ടി വന്നത് ഒട്ടേറെ പ്രമുഖ വ്യക്തികളുടെ രൂക്ഷമായ അഭിപ്രായപ്രകടനത്തിന് ഇടയാക്കി.ജസ്റ്റിസ്(റിട്ട) വി.ആർ.കൃഷ്ണയ്യർ,ജസ്റ്റിസ്(റിട്ട)ബാലകൃഷ്ണ ഏറാടി,കുൽദീപ് നയ്യാർ,എൻ.റാം, ചോ രാമസ്വാമി,ടി.ജെ.എസ്.ജോർജ്,എം.പി.വീരേന്ദ്ര കുമാർ,ദീനാനാഥ് മി

ശ്രു,ജെ.പി.മാത്തൂർ,എസ്‌.ബലരാമൻ,വയലാർ രവി,തലേക്കുന്നിൽ ബഷീർ തുടങ്ങിയവർ കോടതിയുടെ നിലപാടിനെ വിമർശിക്കുകയുണ്ടായി.കോടതി നിയമിച്ച അഭിഭാഷകൻ സമർപ്പിച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഇവർക്കെതിരെ ഹൈക്കോടതി കോടതി അലക്ഷ്യത്തിന്‌ നടപടികൾ ആരംഭിച്ചു .ഈ വിഷയം ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്‌.

കേസ്‌ പരിഗണിക്കുന്ന ജഡ്‌ജിമാരിൽഒരാളായ മോഹൻ കുമാറിന്‌ ജസ്‌റ്റിസ്‌ കൃഷ്ണയ്യർ എഴുതിയ കത്ത്‌ പ്രഥമദൃഷ്ട്യാ കോടതി അലക്ഷ്യമാണെന്ന്‌ ഹൈക്കോടതി അഭിപ്രായപ്പെട്ടിരുന്നു.അതിനിടയിൽജസ്റ്റിസ്‌ മോഹൻ കുമാറിൽ നിന്ന്‌ തനിക്ക്‌ നീതി കിട്ടില്ലെന്ന്‌ ആശങ്ക പ്രകടിപ്പിച്ചുകൊണ്ട്‌ ഗോപാലകൃഷ്ണൻ ഹൈക്കോടതിയിൽ ഹർജി നല്കിയിരുന്നു.കഴിഞ്ഞ ഏപ്രിൽ20 ന്‌ ജഡ്‌ജി തന്നെ ഫോണിൽവിളിച്ച്‌ വിഷമദ്യ അന്വേഷണകമ്മീഷനെക്കുറിച്ച്‌ പ്രസിദ്ധീകരിച്ച വാർത്തയിൽ പ്രതിഷേധം പ്രകടിപ്പിച്ചതായി ഈ ഹർജിയിൽ വ്യക്തമാക്കിയിരുന്നു.ബെഞ്ചു മാറ്റാനുള്ള പത്രാധിപരുടെ അഭ്യർഥന കോടതി നിരസിച്ചു.ബാംഗ്ലൂരിൽ നിന്ന്‌ 3338762 എന്ന നമ്പരിൽ നിന്ന്‌ മൂന്നു മിനിട്ടും 27 സെക്കൻഡും ജഡ്‌ജി സംസാരിച്ചതിൻെറ എസ്‌ക്കോട്ടൽ രേഖ കിട്ടാൻതാമസിച്ചതുകൊണ്ടാണ്‌ ഇക്കാര്യം നേരത്തേ ഉന്നയിക്കാതിരുന്നതെന്ന പത്രാധിപരുടെ വാദം ഹൈക്കോടതി തള്ളിയിരുന്നു.

കുറ്റം സമ്മതിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ,വിചാരണയില്ലാതെ കോടതി അലക്ഷ്യക്കേസ്സിൽ തങ്ങളെ ശിക്ഷിക്കരുതെന്ന്‌ 'മാതൃഭൂമി' പത്രാധിപർ കെ.ഗോപാലകൃഷ്ണൻ,മാനേജിംഗ്‌ എഡിറ്റർ പി.വി.ചന്ദ്രൻ,പ്രത്യേക ലേഖകൻ വെച്ചൂച്ചിറ മധു എന്നിവർ സുപ്രീംകോടതിയിൽ വാദിച്ചു. കോടതി അലക്ഷ്യക്കേസ്‌ നിയമത്തിലെ 10-ാം വകുപ്പു പ്രകാരം കേസ്‌ കേൾക്കാനുള്ള അധികാരം ഹൈക്കോടതിക്കില്ല.മജിസ്‌ട്രേറ്റിന്‌ മേൽ കുറ്റം ആരോപിക്കുന്നത്‌ ഇന്ത്യൻശിക്ഷാ നിയമപ്രകാരം കുറ്റകരമായതുകൊണ്ട്‌ 10-ാം വകുപ്പനുസരിച്ച്‌ മജിസ്‌ട്രേറ്റ്‌ കോടതിയിൽ മാത്രമേ പോകാൻപറ്റൂ.നിയമപരമായ പക്ഷപാതം ജഡ്‌ജിക്കു നേരെ ആരോപിക്കപ്പെട്ട സാഹചര്യത്തിൽ ഹൈക്കോടതിയുടെ നടപടി ദുർബലപ്പെടുത്തേണ്ടതാണെന്ന്‌ അപ്പീൽ ഹർജിയിൽ പറഞ്ഞു.പക്ഷപാതം എപ്പോൾ ചൂണ്ടിക്കാണിച്ചാലും പക്ഷപാതം തന്നെയാണെന്ന്‌ ഹർജിയിൽവ്യക്തമാക്കി.